# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1145 11.06.2019 ൽ മറുപടിക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സണ്ണി ജോസഫ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ ദേശീയപാത വികസനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. സംസ്ഥാനത്തെ ദേശീയ പാത വികസനം മുൻഗണനാ പട്ടികയിൽ high priority 1-ൽ കൊണ്ടു വരുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference Agenda യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ദേശീയപാത വികസനത്തിന് കേന്ദ്രസർക്കാർ എന്ത് തുകയാണ് അനുവദിച്ചതെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

ബി) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ദേശീയപാത വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥലമേറ്റെടുപ്പിനായി അനുവദിച്ച തുക — 1591.47 കോടി രൂപ.
2. പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക — 2857.40കോടി രൂപ
3. പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുക — 252.80കോടി രൂപ

സി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3എ വിജ്ഞാപനം റദ്ദാക്കണമെന്നും ദേശീയപാത വികസന നടപടികൾ നിർത്തിവയ്ക്കണമെന്നും ആവശ്യ പ്പെട്ട് 2018 സെപ്തംബർ 14-ന് ഒരു രാഷ്ട്രീയ കക്ഷിയുടെ സംസ്ഥാന അദ്ധ്യക്ഷൻ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിക്ക് കത്ത് അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

ഡി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിലാണോ കാസർകോഡ് ജില്ല ഒഴികെയുള്ള സ്ഥലങ്ങളിലെ സ്ഥലമെടുപ്പ് നിർത്തിവയ്ക്കുവാൻ ദേശീയപാത വികസന അതോറിറ്റി നിർദ്ദേശം നൽകിയത്;

ഇ) എങ്കിൽ സംസ്ഥാനത്തെ ദേശീയപാത വികസനത്തെ അട്ടിമറിക്കുന്ന ഇത്തരം നടപടികളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിനും സംസ്ഥാനത്തെ

സി) ഡി) & ഇ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നതായിരിക്കും. ദേശീയപാത വികസനത്തിന്റെ മുൻഗണനാ പട്ടികയിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കിയത് സംബന്ധിച്ച് 13.05.2019 ന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എൻ.എച്ച്.എ.ഐ ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കത്ത് ലഭ്യമായതിനെത്തുടർന്ന് ,02.05.2019 ൽ എൻ.എച്ച്.എ.ഐ പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ വ്യത്യാസം വരുത്തുകയും കേരളത്തിൽ ഭൂമി ഏറ്റെടുക്കൽ തുടരാൻ നിർദ്ദേശം നൽകുകയും ചെയ്തതായി എൻ.എച്ച്.എ.ഐ ചെയർമാൻ വ്യക്തമാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് വ്യത്യസ്ത റീച്ചുകളിലായി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ദേശീയപാത വികസനത്തെ മുൻഗണനാപ്പട്ടികയിലേക്ക് മാറ്റുന്നതിനും സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ